ശ്രീമതി ഡോളി കെ. ജോർജിന് സർവ്വീസിലുള്ള മുന്നാമത്തെ ഗ്രേഡ്

264 (1642) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 14-2-1990-ൽ ജോലിയിൽ പ്രവേശിച്ച് 30-11-2013 സി.ഡി.പി.ഒ. ആയി റിട്ടയർ ചെയ്ത ശ്രീമതി ഡോളി കെ. ജോർജിന് സർവ്വീസിലുള്ള മുന്നാമത്തെ ഗ്രേഡ് ലഭിക്കുന്നതിനായി 22-4-2014-ന് സമർപ്പിച്ച അപേക്ഷയിൽ സാമൂഹ്യനീതി ഡയറക്ടർ എന്ത് നടപടിയാണ് കൈകൊണ്ടിട്ടുള്ളത്;

(ബി) നിലവിലുള്ള ഉത്തരവുകൾ പ്രകാരം പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് എ.ജി. 24-1-2014-ലെ ജി.ഇ 18/ഇ/എസ്.ഡബ്ല്യൂ/2013-14/9951 കത്ത് മുഖേന സാമൂഹ്യനീതി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം;

(സി) ശ്രീമതി ഡോളി ജോർജിന് അർഹതപ്പെട്ട മുന്നാമത്തെ ഗ്രേഡ് നൽകുവാൻ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത ഗ്രേഡ് നൽകുവാൻ അടിയന്തര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ശ്രീമതി ഡോളി കെ. ജോർജ് മുന്നാമത്തെ ഗ്രേഡ് അനുവദിക്കുന്നതിനുവേണ്ടിയല്ല 22-4-2014-ൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. രണ്ടാമത്തെ ഹയർ ഗ്രേഡ് അനുവദിച്ച 16180-27180 ശമ്പള സ്കെയിൽ 18740-33680 ആക്കി മാറ്റിനൽകണമെന്നാണ് അപേക്ഷിച്ചിട്ടുള്ളത്. സൂപ്പർവൈസർമാരുടെ രണ്ടാമത്തെ പ്രൊമോഷൻ തസ്തികയാണ് അസിസ്റ്റന്റ് ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസറെന്നും ആയതിനാൽ രണ്ടാമത്തെ ഗ്രേഡ് 16180-27180 എന്ന ശമ്പള സ്കെയിലിലാണ് അനുവദിക്കേണ്ടതെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ഗ്രേഡ് അനുവദിച്ചിട്ടുള്ളത്. സ.ഉ.(സാധാ.) നമ്പർ 477/15/സാ.നീ.വ. തീയതി 31-7-2015.

(ബി) 24-01-2014-ലെ എ.ജി.യുടെ ജി.ഇ.18/ഇ/എസ്.ഡബ്ല്യൂ/2013-14/9951 നമ്പർ കത്ത് സാമൂഹ്യനീതി ഡയറക്ടർക്ക് ലഭിച്ചിട്ടില്ല.

(സി&ഡി) സൂപ്പർവൈസർ തസ്തികയിൽ 14-2-1990-ന് ജോലിയിൽ പ്രവേശിച്ച ശ്രീമതി ഡോളി കെ. ജോർജ് മുന്നാമത്തെ ഹയർ ഗ്രേഡിന് അർഹയാകുന്നത് 14-2-2012-ലാണ്. എന്നാൽ ഈ തീയതിക്ക് മുമ്പ് 27-2-2011-ന്

LIBRARY ARCHIVES Kerala Legislative Assembly

തന്നെ ടിയാൾക്ക് സി.ഡി.പി.ഒ. തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടുള്ളതാണ്. ഉദ്യോഗക്കയറ്റ തസ്തികയായ സി.ഡി.പി.ഒ. തസ്തികയിലേക്ക് ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് മുമ്പ് തന്നെ ഉദ്യോഗക്കയറ്റം ലഭിച്ചതിനാലാണ് ടിയാൾക്ക് മൂന്നാമത്തെ ഗ്രേഡ് അനുവദിക്കാത്തത്. മൂന്നാമത്തെ ഉദ്യോഗക്കയറ്റം ലഭിച്ച ടിയാൾക്ക് ഇത് പ്രകാരമുള്ള ശമ്പള ഫിക്സേഷൻ (സർവ്വീസിൽ മൂന്നാമത്തെ) അക്കൗണ്ടന്റ് ജനറൽ ആണ് അനുവദിക്കേണ്ടത്.

നിർഭയ പദ്ധതി

265 (1643) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് നിർഭയ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

ഉത്തരം

(എ) നടപ്പാക്കിയിട്ടുണ്ട്.

(ബി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിന് പ്രതിരോധം, സംരക്ഷണം, പ്രോസിക്യൂഷൻ, പുനരധിവാസവും പുനരേകീകരണവും എന്നീ നാല് പ്രധാന മേഖലകളിലെ ഇടപെടലുകളാണ് പദ്ധതി ലക്ഷ്യമിടുന്നത്.

(സി) പദ്ധതി നടത്തിപ്പിനായി സംസ്ഥാനതല നിർഭയ സെൽ രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും വ്യത്യസ്ത മേഖലകൾ തമ്മിൽ ആവശ്യമായ ഏകോപനം കൈവരുത്തുന്നതിനുമായി സംസ്ഥാനതല ഏകോപന സമിതിയും നിർഭയ പദ്ധതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. നിലവിൽ ലൈംഗികാതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകളെയും കുട്ടികളെയും സംരക്ഷിക്കുന്നതിനായി 11 നിർഭയ ഷെൽട്ടർ ഹോമുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. അതിക്രമത്തിനിരയാകുന്ന

LIBRARY ARCHIVES Kerala Legislative Assembly